**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഒറ്റപ്പാലം നഗരസഭ പുതുതായി നിർമ്മിക്കുന്ന ബസ് സ്റ്റാന്റ് കോംപ്ളക്സ് നിർമ്മാണം - കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 14.26 (പതിനാല് കോടി ഇരുപത്തി ആറ് ലക്ഷം) കോടി രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 802/13/തസ്വഭവ തിരുവനന്തപുരം, തീയതി: 26.03.2013.

=====================================================================

പരാമർശം:-1) സ.ഉ (എം.എസ്)നം.147/2009/തസ്വഭവ തീയതി 29.07.2009

2) ഒറ്റപ്പാലം നഗരസഭയുടെ 19.11.2011-ലെ 36 -)o നമ്പർ കൗൺസിൽ തീരുമാനം.

3)ഒറ്റപ്പാലം നഗരസഭയുടെ 18.03.2013-ലെ അടിയന്തിര കൗൺസിൽ തീരുമാനം.

4) ഒറ്റപ്പാലം നഗരസഭാ സെക്രട്ടറിയുടെ 13.03.2013-ലെ ഇ.1-8503/11 നമ്പർ കത്തും 18.03.2013-ലെ 8503/11 നമ്പർ കത്തും.

5) നഗരകാര്യ ഡയറക്ടറുടെ 20.03.2013-ലെ ഡി.സി.3-3818/13 നമ്പർ ശുപാർശ.

## <u>ഉത്തരവ്</u>

ഒറ്റപ്പാലം നഗരസഭ പുതുതായി നിർമ്മിക്കുന്ന ബസ് സ്റ്റാന്റ് കോംപ്ളക്സ് നിർമ്മാണത്തിനായി 14.26 (പതിനാല് കോടി ഇരുപത്തി ആറ് ലക്ഷം) കോടി രൂപ കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പ എടുക്കുന്നതിന് പരാമർശം (2), (3) പ്രകാരം നഗരസഭ തീരുമാനിക്കുകയും മേൽ പരാമർശം (4) പ്രകാരം ബസ് സ്റ്റാന്റ് കോംപ്ളക്സ് നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന് നഗരസഭാ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ആയത് പ്രകാരം നഗരകാര്യ ഡയറക്ടർ മേൽ സൂചന (5) പ്രകാരം ശുപാർശ ചെയ്തിട്ടുമുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒറ്റപ്പാലം നഗരസഭയുടെ ബസ് സ്റ്റാന്റ് കോംപ്ളക്സ് നിർമ്മിക്കുന്നതിനായി ഒറ്റപ്പാലം വില്ലേജ് അരിയൂർ തെക്കുംമുറി ദേശത്ത് (100/2, 11,12,13,14, 102/5,7, 103/4,5, 105/16) എന്നീ സർവ്വേ നമ്പരിലുള്ള 1.6787 ഹെക്ടർ സ്ഥലവും ബസ് സ്റ്റാന്റ് കോംപ്ളസും ജാമ്യമായി

(. . . . .2)

നൽകിക്കൊണ്ട്, 29.07.2009-ലെ സ.ഉ(എം.എസ്)147/2009/ തസ്വഭവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 12% പലിശ നിരക്കിൽ 14.26 (പതിനാലുകോടി ഇരുപത്തിയാറ് ലക്ഷം) കോടി രൂപ വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം ഒറ്റപ്പാലം നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സി. വൽസല**
ഗവ. ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ.
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ &എ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ